കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – കുടുംബശ്രീ – സർക്കാർ വകുപ്പുകളിലെ അച്ചടി ജോലികൾ സഹകരണ പ്രസ്സുകൾക്ക് നൽകുന്നതുപോലെ കുടുംബശ്രീ മൈക്രോ സംരഭങ്ങളായ പ്രിന്റിംഗ് യൂണിറ്റുകൾക്കു കൂടി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം. 208/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, 21/11/2014

പരാമർശം: 1. സ്വാതി ഓഫ്സെറ്റ്, പ്രിന്റിംഗ്സ് പ്രസ്സ്, ചെമ്മനാട്, കാസർഗോഡ് സെക്രട്ടറിയുടെ 22.04.2013 –ലെ കത്ത്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.07.2013 ലെ കെ. എസ്./കെ/4203 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ വകുപ്പുകളിലെ അച്ചടി ജോലികൾ സഹകരണ പ്രസ്സുകൾക്ക് നൽകുന്നതുപോലെ തന്നെ കുടുംബശ്രീ മൈക്രോ സംരഭങ്ങളായ പ്രിന്റിംഗ് യൂണിറ്റുകൾക്ക് കൂടി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുണമെന്ന് കാസർഗോഡ് കുടുംബശ്രീമിഷൻ യൂണിറ്റിന്റെ അധീനതയിലുള്ള സ്വാതി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സിന്റെ സെക്രട്ടറി പരാമർശം (1) പ്രകാരം കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ കോ – ഓർഡിനേറ്ററോട് അഭ്യർത്ഥിച്ചിരുന്നു. ഓഡിറ്റ് പ്രശ്നങ്ങളുണ്ടാകുമെന്നതിനാൽ, സർക്കാർ വകുപ്പുകളിലെ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകൾക്കും സഹകരണ പ്രസ്സുകൾക്കും നൽകുന്നതിനാൽ കുടുംബശ്രീ യൂണിറ്റുകൾക്ക് ഓർഡറുകൾ ലഭിക്കുന്നില്ല എന്നും ആയതിനാൽ പരാമർശം ഒന്നിലെ അപേക്ഷ പരിഗണിച്ച് സർക്കാർ വകുപ്പിലെ അച്ചടിജോലികൾ കുടുംബശ്രീ യൂണിറ്റുകൾക്കു കൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(തുടർച്ച........2)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി സ്ത്രീകൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്ന ജീവനോപാധിയാണ് കുടുംബശ്രീ മൈക്രോ എന്റർപ്രൈസുകൾ എന്നതിനാൽ കുടുംബശ്രീയുടെ മൈക്രോ സംരംഭങ്ങളായ പ്രിന്റിംഗ് യൂണിറ്റുകൾക്കു കൂടി സർക്കാർ വകുപ്പുകളിലെ അച്ചടി ജോലികൾ ഏൽപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്.വേണുഗോപാലൻ നായർ,
ഡെപ്യൂട്ടി സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ഡയറക്ടർ, അച്ചടി വകുപ്പ്. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
ഡയറക്ടർ, I &PRD, തിരുവനന്തപുരം
ഡയറക്ടർ, IKM, തിരുവനന്തപുരം
ഉന്നതവിദ്യാഭ്യാസ വകുപ്പ് (J2246/എച്ച്3/14/ഉ.വി.വ)
സംഭരണ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.